പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 1927 — 04.05. 2017 ൽ മറുപടിക്ക്

## കെ.എസ്.ഇ.ബി.യിലെ കരാർ തൊഴിലാളികൾ

| ചോദ്യം<br>ശ്രീ.എൻ.ഷംസുദ്ദീൻ | ഉത്തരം<br>ശ്രീ.എം.എം.മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|
| (എ) കെ.എസ്.ഇ.ബി.ലിമിറ്റഡിൽ വിവിധ വിഭാഗങ്ങളിലായി കരാറടിസ്ഥാനത്തിൽ എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ട്;ഓരോ വിഭാഗ-ത്തിലെയും എണ്ണം പ്രത്യേകമായി നൽകമോ;<br>(ബി) കരാർ തൊഴിലാളികളുടെ വേതനം പരിഷ്കരിച്ച് കൊണ്ട് ഉത്തരവിറങ്ങിയിട്ടുണ്ടോ;<br>(സി) ഇത് പ്രാകാരമുള്ള പരിഷ്കരിച്ച വേതനം കരാർ തൊഴിലാളികൾക്ക് നൽകിയിട്ടുണ്ടോ;<br>(ഡി) നൽകിട്ടില്ലെങ്കിൽ പരിഷ്കരിച്ച വേതനം കൊടുക്കാത്തതിന്റെ കാരണം എന്താ-ണെന്ന് വിശദമാ- ക്കമോ? | ((എ, ബി, സി & ഡി) കെ.എസ്.ഇ.ബി. ലിമിറ്റഡിൽ കരാറടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നില്ല. എന്നാൽ ചില പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യിക്കാറുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ പ്രസ്തുത പ്രവൃത്തിക്ക് ചെലവാകാൻ സാധ്യതയുള്ള തുക മുൻകൂട്ടി കണക്കാക്കി പ്രവൃത്തിയുടെ വിശദവിവരത്തോടൊപ്പം പ്രസിദ്ധീകരിക്കുകയും പ്രവൃത്തി ഏറ്റെടുക്കാൻ താല്പര്യമുള്ളവരിൽ നിന്നും ക്വട്ടേഷൻ/ ദർഘാസുകൾ ക്ഷണിക്കുകയുമാണ് പതിവ്. എന്നാൽ പ്രവൃത്തി ഏറ്റെടുക്കാൻ താല്പര്യമുള്ള വ്യക്തികൾക്ക്/ സ്ഥാപനങ്ങൾക്ക് എസ്റ്റിമേറ്റ് തുകയ്ക്ക് അല്ലെങ്കിൽ അതിൽ നിന്നും കൂടുതലോ കുറവോ ആയ തുകയ്ക്ക് പ്രവൃത്തി ഏറ്റെടുക്കാൻ തയ്യാറാകാവുന്നതാണ്. ലഭിക്കുന്ന ക്വട്ടേഷൻ/ദർഘാസുകളിൽ മെച്ചപ്പെട്ടതിനെ അംഗീകരിച്ച് പ്രവൃത്തി ഏൽപ്പിക്കുകയാണ് പതിവ്. ജോലിയുടെ സ്വഭാവമനുസരിച്ച് കരാറുകാരൻ നിശ്ചിതയോഗ്യതയുള്ള ആൾക്കാരെ കൊണ്ട് പ്രവർത്തികൾ ഏറ്റെടുത്തു നടപ്പിലാക്കി വരുന്നു. |

സെക്ഷൻ ഓഫീസർ